# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.107** **10.08.2017-ൽ മറുപടിക്ക്**

## തൊഴിലധിഷ്ഠിത പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്.തോമസ്<br>ശ്രീ.പി.ജെ.ജോസഫ്<br>ഡോ.എൻ.ജയരാജ് | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഹയർ സെക്കണ്ടറി, ബിരുദ കോഴ്സുകളോടൊപ്പം തൊഴിലധിഷ്ഠിത പരിശീലനം ലഭിക്കത്തക്കവിധം ഓരോ കോഴ്സിലും ഓരോ വിഷയം കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>ബി) ഉണ്ടെങ്കിൽ , ഏതെല്ലാം തൊഴിലധിഷ്ഠിത വിഷയങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്, വ്യക്തമാക്കാമോ ? | എ) യും ബി) യും<br>വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിൽ ഹയർ സെക്കണ്ടറി കോഴ്സിനൊപ്പം തൊഴിലധിഷ്ഠിത പരിശീലനം ഒരു വിഷയമായി പഠിപ്പിച്ചുവരുന്നു. ഒൻപത്, പത്ത് സി.ബി.എസ്.ഇ, എച്ച്.എസ്.എസ്, ആർട്ട് സ്കൂൾ, പോളിടെക്നിക് തലങ്ങളിൽ എൻ.എസ്.ക്യൂ.എഫ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഡോ.ആർ.വി.ജി. മേനോൻ അധ്യക്ഷനായി ഒരു ഹൈപവർ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ശുപാർശകൾ പരിഗണിച്ചുകൊണ്ട് 2018-19 അക്കാദമിക് വർഷം മേൽപ്പറഞ്ഞിട്ടുള്ള മേഖലകളിൽ എൻ.എസ്.ക്യൂ.എഫു മായി സംയോജിപ്പിച്ചുകൊണ്ടുള്ള മാറ്റങ്ങൾ വരുത്തുന്നതാണ്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ ഹയർസെക്കണ്ടറി, ബിരുദകോഴ്സുകളോടൊപ്പം തൊഴിലധിഷ്ഠിത പരിശീലനം ലഭിക്കത്തക്കവിധം ഓരോ കോഴ്സിലും എപ്രകാരം വിഷയം ഉൾപ്പെടുത്തുമെന്ന കാര്യത്തിൽ തീരുമാനമുണ്ടാകുകയുള്ളൂ.<br>അഗ്രികൾച്ചർ, ആട്ടോമോട്ടീവ്, ഇൻഷുറൻസ്, ടൂറിസം, ഹോസ്പിറ്റാലിറ്റി, ടെലികമ്മ്യൂണിക്കേഷൻ, റീട്ടെയിൽ, ഫിസിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയവയാണ് തൊഴിലധിഷ്ഠിത കോഴ്സുകളുമായി ബന്ധപ്പെട്ട് ദേശീയ തലത്തിൽ പരിഗണിക്കുന്ന മേഖലകൾ. |

സെക്ഷൻ ഓഫീസർ